⇨ ഒപ്പം പാരിസ്ഥിതികമായ വൻ ദുരന്തങ്ങൾ നമ്മെ തുറിച്ചുനോക്കുന്നു ⇨

പരിസ്ഥിതിപ്രശ്നം കേവലം പ്രകൃതിസംരക്ഷണത്തിന്റെ പ്രശ്നമല്ലെന്നും, അത് രാഷ്ട്രീയവുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്നതാണെന്നും ബോധ്യപ്പെടുത്തുന്ന പ്രമുഖ ഫ്രഞ്ച് ചിന്തകനായ ആന്ദ്രെ ഗോർസിന്റെ 'ഇക്കോളജി രാഷ്ട്രീയം തന്നെ' (Ecology as Politics) എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ കേരളീയം പ്രസിദ്ധീകരിക്കുകയാണ്. വിനിമയത്തിനും ലാഭത്തിനും വേണ്ടി ഉൽപാദനം എന്ന മുതലാളിത്ത യുക്തിക്കുപകരം, ഉപയോഗത്തിനു വേണ്ടി മാത്രം ഉൽപാദനം നടത്തുന്ന ഒരു വ്യവസ്ഥയെ പ്രതിഷ്ഠിച്ചുകൊണ്ട് പാരിസ്ഥിതിക പ്രതിസന്ധിയെ മറികടക്കുന്നതാണ് രാഷ്ട്രീയ ഇക്കോളജി എന്ന വീക്ഷണം മുന്നോട്ട് വയ്ക്കുന്ന പുസ്തകം പരിഭാഷപ്പെടുത്തിയിരിക്കുന്നത് സാമൂഹിക പ്രവർത്തകനായ കെ. രാമചന്ദ്രൻ ആണ്. പുസ്തകത്തെയും ഗോർസിനെയും പരിചയപ്പെടുത്തുന്നതിനായി ആമുഖക്കുറിപ്പ് കേരളീയം വായനക്കാർക്കായി പ്രസിദ്ധീകരിക്കുന്നു.

## സ്വാശ്രയത്വം, സ്വാവലംബം, സ്വാതന്ത്ര്യം:


# പരിരക്ഷണത്തിന്റെ ഉപാധികൾ

സ്വാശ്രിതത്വം, സ്വയംനിർണ്ണയം, സ്വാവലംബം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിലൂന്നിക്കൊണ്ട്, സമത്വവും നീതിയുക്തമായ വിഭവവിതരണവും സാധ്യമാക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപംകൊടുത്തുകൊണ്ടു മാത്രമേ, ഇനിയും പരിസ്ഥിതി വിനാശത്തിന്റെ ഗതിവേഗത്തെ നമുക്ക് തടയാൻ കഴിയൂ.

**കെ. രാമചന്ദ്രൻ**

**ജനാധിപത്യ** വ്യവസ്ഥയിലെ പൗരന്മാർ എന്ന നിലയിൽ നാം നമ്മുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും അവകാശങ്ങളും എല്ലാം നിറവേറ്റുവാൻ ഭീമാകാരമായിക്കഴിഞ്ഞിട്ടുള്ള വൻകിട സ്ഥാപനങ്ങളെ ഏൽപ്പിച്ചു കൊടുത്തിരിക്കുന്നു. സർക്കാരുകൾ, പടുകൂറ്റൻ കോർപ്പറേഷനുകൾ, അന്താരാഷ്ട്ര ഉടമ്പടികൾ, നമ്മുടെ നിലനിൽപ്പ്, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം ഇവയൊക്കെ എങ്ങിനെയായിരിക്കണമെന്ന് തീരുമാനിച്ച് അതിനനുസരിച്ച് പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങൾ എന്നിവയൊക്കെയാവാം ഈ വൻകിടസ്ഥാപനവ്യവസ്ഥ. നമ്മുടെ സ്വയം നിർണ്ണയാവകാശം നാം സ്വമേധയാ ഈ സ്ഥാപനങ്ങൾക്ക് അടിയറ വയ്ക്കുകയോ അഥവാ ഈ സ്ഥാപനങ്ങൾ നമ്മുടെ അവകാശങ്ങൾ കവർന്നെടുക്കുകയോ ചെയ്തിട്ടുണ്ട്. സാധാരണ മനുഷ്യർക്ക് നടത്തിക്കൊണ്ട് പോവാൻപറ്റാത്ത ഈ വമ്പൻ സ്ഥാപനങ്ങളാണ് നമുക്കുവേണ്ടി സുപ്രധാനമായ എല്ലാ തീരുമാനങ്ങളുമെടുക്കുന്നതും നടപ്പിലാക്കുന്നതും. മുതലാളിത്ത വ്യവസ്ഥയിൽ, മൂലധനത്തിന്റെ കടിഞ്ഞാണില്ലാത്ത കുതിച്ചോട്ടത്തിൽ, അതിന്റെ താത്പര്യങ്ങൾക്കനുസരിച്ചായിരിക്കും മിക്കപ്പോഴും തീരുമാനങ്ങൾ നടപ്പിലാവുക. ഇതാണ് മനുഷ്യരിന്ന് നേരിടുന്ന ഏറ്റവും വലിയ ദുരന്തം. പ്രകൃതിയും മനുഷ്യരും തമ്മിലും, മനുഷ്യരും മനുഷ്യരും തമ്മിലും നിലനിൽക്കുന്ന സ്ഥൂലവും സൂക്ഷ്മവുമായ തലത്തിലുള്ള ബന്ധങ്ങൾ അവഗണിച്ചുകൊണ്ട്, സാമ്പത്തിക വികസനം എന്ന ഒറ്റ പ്രക്രിയയിൽ സർവ്വവിധ പ്രതീക്ഷകളും അർപ്പിക്കുന്ന നമ്മൾ ഭൂമിയുടേയും, അതുവഴി നമ്മുടെ തന്നെയും നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്ന ഭീഷണവും ഗുരുതരവുമായ ഒരു മഹാപ്രതിസന്ധിയിലകപ്പെട്ടിരിക്കുകയാണ്.

പരിഹരിക്കുവാൻ ശ്രമിച്ചിരുന്ന പ്രശ്നങ്ങൾ – ദാരിദ്ര്യം, തൊഴിലില്ലായ്മ, അനാരോഗ്യം, അസമത്വം തുടങ്ങിയവ – പൂർവ്വാധികം ശക്തിയോടെ നമ്മെ വഴിമുട്ടിക്കുന്നു. ഒപ്പം പാരിസ്ഥിതികമായ വൻ ദുരന്തങ്ങൾ നമ്മെ തുറിച്ചുനോക്കുന്നു: ആഗോളതാപനം, വിഭവശോഷണം, അന്തരീക്ഷ മലിനീകരണം, ഓസോൺപാളിയുടെ തുള, കാലാവസ്ഥാവ്യതിയാനം എന്നിങ്ങനെ ഒട്ടേറെ പ്രശ്നങ്ങൾ ആഗോളതലത്തിൽ ഒരു വലിയ പ്രതിസന്ധിയുടെ മാനങ്ങൾ കൈവരിച്ചിട്ടുണ്ട്. മനുഷ്യന്റെ ഭൂമിയിലുള്ള തുടർച്ച




തന്നെ ആശങ്കാകുലമാക്കുന്ന വിധത്തിൽ രൂക്ഷമാണ് പ്രശ്നങ്ങൾ എന്നതുകൊണ്ട്, ആളുകൾ ഉണർന്നിരുന്ന് ഒന്ന് ചിന്തിക്കുവാൻ തയ്യാറാവുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനും, മലിനീകരണ നിവാരണത്തിനും, വനവത്കരണത്തിനും, ആവാസവ്യവസ്ഥയിലെ സചേതനവും അചേതനവുമായ ഘടകങ്ങൾ തമ്മിലുള്ള സന്തുലിതത്വം നിലനിർത്തുന്നതിനുമൊക്കെയായി നടക്കുന്ന കൊണ്ടുപിടിച്ച ശ്രമങ്ങൾ, ഏറെ നശിപ്പിക്കപ്പെട്ട നമ്മുടെ ജൈവമേഖലയെ ഒട്ടെങ്കിലും വീണ്ടെടുക്കാനുള്ള ആത്മാർത്ഥമായ യത്നങ്ങളാണ്. എന്നാൽ, പ്രശ്നങ്ങൾ പരിഹരിക്കാൻ വീണ്ടും നാം പ്രശ്നങ്ങൾ സൃഷ്ടിച്ച അതേ സ്ഥാപനങ്ങളെത്തന്നെയാണ് ചുമതലപ്പെടുത്തുന്നത്: സർക്കാരുകളെ, വൻകിട സ്ഥാപനങ്ങളെ; പിന്നെ മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്രത്തെയും. പരിസ്ഥിതിസംരക്ഷണ പ്രവർത്തനവും ലാഭകരമായ ഒരു വ്യാപാരമാകുമെങ്കിൽ മുതലാളിത്തത്തിന് അത് നടത്തുന്നതിന് ഒട്ടും വൈമനസ്യമില്ല. എന്നാൽ, ആത്യന്തികമായി മുതലാളിത്തം പരിസ്ഥിതിപ്രശ്നങ്ങളേൽപ്പിക്കുന്ന ഗുരുതരവും അനിവാര്യവുമായ പ്രത്യാഘാതങ്ങൾ മൂലം പ്രതിസന്ധി നേരിടുകതന്നെ ചെയ്യും. ക്യോട്ടോ പ്രോട്ടോക്കോളും, കാർബൺ വിസർജനം കുറയ്ക്കാൻ ആഗോളതലത്തിൽ നടക്കുന്ന ശ്രമങ്ങളും, ഖനിജ ഇന്ധനങ്ങൾക്ക് പകരം പുതുക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചാൽ മതിയെന്ന വൈകിവന്ന വിവേകവുമെല്ലാം ഈ പ്രതിസന്ധിയെ മറികടക്കാനോ, കുറച്ചുകൂടി കാലത്തേയ്ക്ക് നീട്ടിവെയ്ക്കാനോ ഉള്ള ഉദ്യമങ്ങളുടെ ഭാഗമാണ്.

പാരിസ്ഥിതിക വിവേകമുദിച്ച ആളുകൾ, പ്രതിസന്ധിയുടെ കാരണങ്ങളെക്കുറിച്ചും പരിഹാരങ്ങളെക്കുറിച്ചും പ്രചരണങ്ങളും ബോധവത്കരണ ശ്രമങ്ങളും നടത്തുന്നു. അമേരിക്കയിലെ മുൻ വൈസ് പ്രസിഡന്റ് അൽഗോർ ഉൾപ്പെടെ പലരും ഇന്ന് 'വിഷമകരമായ സത്യങ്ങൾ' (Inconvenient truth എന്നത് ആഗോളതാപനം വഴിയുള്ള കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അൽഗോർ നടത്തിയ അന്വേഷണങ്ങളും, ക്യാമ്പെയിനുകളുമടങ്ങുന്ന ഒരു ഡോക്യുമെന്ററിയാണ്.) തുറന്ന് പറഞ്ഞേ മതിയാകൂ എന്ന മാനസികാവസ്ഥയിലെത്തിയിട്ടുണ്ട് എന്നത് പ്രശ്നങ്ങളുടെ കാഠിന്യത്തിന് ദൃഷ്ടാന്തമാണ്.

ആഗോളതലത്തിൽ വ്യാപിച്ചിട്ടുള്ള മിക്ക പ്രശ്നങ്ങളും ഭീമാകാരം പൂണ്ട ആഗോള സ്ഥാപനങ്ങൾ വഴിയോ, അതത് സർക്കാരുകൾ വഴിയോ മാത്രമേ കൈകാര്യം ചെയ്യാൻ കഴിയൂ എന്ന ദയനീയമായ ദുരവസ്ഥ നിലനിൽക്കുന്നു. ഹിരോഷിമ മുതൽ ഫുക്കുഷിമ വരെ നടന്ന മഹാദുരന്തങ്ങളൊന്നും നമ്മുടെ ആണവവാദികളുടെ കണ്ണ് തുറപ്പിക്കുവാനോ അവരിൽ പാരിസ്ഥിതിക വിവേകം ഉളവാക്കുവാനോ പര്യാപ്തമായിട്ടില്ലെന്നു കൂടി നാമോർക്കണം. ഇന്ത്യയിലെ അണുശക്തി കമ്മീഷൻ ചെയർമാൻ ഇപ്പോഴും "അണുശക്തിയാണ് ഏറ്റവും സുരക്ഷിതം" എന്ന പല്ലവി തന്നെയാണ് ഒട്ടും കൂസലില്ലാതെ ആവർത്തിക്കുന്നത്. അന്താരാഷ്ട്ര ആണവോർജ ഏജൻസിയാണ് ആണവ സുരക്ഷിതത്വം എന്ന കോഴിയെ സംരക്ഷിക്കേണ്ട കുറുക്കൻ. "അപകടങ്ങളൊന്നും പ്രശ്നമല്ല; നമ്മളെന്തായാലും ഒരു ദിവസം മരിക്കേണ്ടവർ തന്നെ" എന്ന യുക്തി ഉരുവിടുന്ന ആളുകളേയോ സ്ഥാപനങ്ങളേയോ ഭൂമിയുടേയും അതിലുള്ള മനുഷ്യരുടേയും ഭാവി ഇനിയും വിശ്വസിച്ച് ഏൽപ്പിക്കുന്നത് ഏത്രമാത്രം ആപത്കരവും ആത്മഹത്യാപരവുമായിരിക്കുമെന്ന് നാം തിരിച്ചറിയണം.

അപ്പോൾ പിന്നെ എന്താണിതിനൊരു പരിഹാരം? നാം തന്നെ, സാധാരണ മനുഷ്യർ തന്നെ, നമ്മുടെ ഭാഗധേയങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമം ആരംഭിക്കണം. നാം നിർമ്മിക്കുന്ന വൻകിട സ്ഥാപനങ്ങൾ നമുക്കു തന്നെ വിനയാവുകയും, നമ്മുടെ ഭാവിക്ക് ഭീഷണിയുയർത്തുകയും ചെയ്യുന്ന സ്ഥിതിയ്ക്ക്, നമുക്ക് നമ്മുടെ സ്വാതന്ത്ര്യവും, അധികാരവും, സ്വയം നിർണ്ണയാവകാശവും തിരിച്ചു പിടിക്കണം. പ്രകൃതിയുടേയും, മനുഷ്യന്റേയും തുടർന്നുള്ള നിലനിൽപ്പിന് ഇത് അത്യന്താപേക്ഷിതമായിക്കഴിഞ്ഞിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥയുടെ തുറസിനകത്ത്, നമുക്ക് ഏതൊക്കെ കാര്യങ്ങൾ സ്വയം തീരുമാനിച്ച് സ്വയം നടപ്പിൽ വരുത്താം

എന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. കൃഷി എങ്ങിനെ നടത്താം, കമ്പോളത്തിന്റെ സ്വാധീനം എങ്ങിനെ കുറയ്ക്കാം, ഉപഭോഗ സംസ്കാരത്തിനെ എങ്ങിനെ വ്യക്തി തലത്തിൽ തിരസ്കരിക്കാം, ഏതൊക്കെ വ്യവസായങ്ങളും ഉൽപ്പന്നങ്ങളും ആവശ്യമാണെന്ന് നിശ്ചയിച്ച് ഏതൊക്കെ വ്യവസായങ്ങൾ നടത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യാം, പ്രാദേശിക തലത്തിൽ കൂടിയാലോചിച്ച് നമുക്ക് ഏതെല്ലാം കാര്യങ്ങൾ കൂട്ടായി ഏറ്റെടുത്ത് പ്രായോഗികമായി നടപ്പിലാക്കാം, വ്യക്തികളുടെ കൂട്ടായ്മയിലൂടെ ഏതൊക്കെ തലത്തിൽ നമുക്ക് ആശ്രിതത്വം കുറച്ചുകൊണ്ട് സ്വാവലംബനം സ്വീകരിക്കാം - ഇത്തരത്തിലുള്ള അന്വേഷണങ്ങളും അവയ്ക്കനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് കാലഘട്ടം അടിയന്തിരമായും ആവശ്യപ്പെടുന്നത്. സ്വാശ്രയത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സ്വയം നിർണ്ണയക്ഷമതയുടേയും സീമകൾ വിപുലീകരിക്കുകയും, വൻ സ്ഥാപനങ്ങളുടെ സ്വാധീനത്തിന് കടിഞ്ഞാണിടുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇനി പ്രകൃതിസംരക്ഷണ ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയൂ എന്ന് ദിവസം കഴിയുന്തോറും ബോധ്യമായിക്കൊണ്ടിരിക്കുന്നു.

നമുക്ക് സ്വാതന്ത്ര്യത്തോടെ കാര്യങ്ങൾ ചെയ്യാവുന്ന ഒരിടം, ഈ മരുഭൂമിയിലും സൃഷ്ടിച്ചെടുക്കാൻ കഴിയുക എന്നതാണ് പ്രധാനം; നമ്മുടെ സ്വയംനിർണ്ണയാവകാശത്തിന് വേണ്ടി പൊരുതുക എന്നതാണ് പ്രധാനം; കൂട്ടായ്മകൾ സൃഷ്ടിച്ചുകൊണ്ട് മനുഷ്യരുടെ സർഗാത്മകതയെ ഉത്തേജിപ്പിക്കുക എന്നതാണ് പ്രധാനം.

ഏറെനാളത്തെ മുറവിളികൾക്കും സമരങ്ങൾക്കും ശേഷം, എൻഡോസൾഫാൻ എന്ന മാരക വിഷം ഔപചാരികമായി (ഔപചാരികമായി മാത്രം) നിരോധിക്കാൻ നമ്മുടെ ഭരണകൂടം നിർബന്ധിതരായി. എന്നാൽ കൃഷിക്ക് വിഷപ്രയോഗം ആവശ്യമെന്ന ധാരണയ്ക്കോ കൃഷി എന്നത് കാർഷിക ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ നടക്കേണ്ട ഒരു വ്യാവസായിക പ്രവർത്തനമാണെന്ന ചിന്താഗതിയ്ക്കോ ഒട്ടും മാറ്റമില്ല. പ്രചാരമുള്ള എത്ര വിഷങ്ങൾ നിരോധിച്ചാലും കൃഷി എന്ന മേഖലയോടുള്ള അടിസ്ഥാന സമീപനം മാറാതെ, കൃഷിയും പരിസ്ഥിതിയും തമ്മിലുള്ള ജൈവികമായ ബന്ധം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളില്ലാതെ, കൃഷിയെയോ നമ്മുടെ ഭക്ഷണത്തെയോ നമുക്ക് വിഷവിമുക്തമാക്കാൻ കഴിയില്ല. ആദ്യം മണ്ണിനെ വിഷവിമുക്തമാക്കണം; പിന്നെ ജലാശയങ്ങളെ, അന്തരീക്ഷത്തെ. ഇതിന്, ഓരോ വ്യക്തിയുടേയും മാനസികമായ തലത്തിലുള്ള ഒരു പരിവർത്തനമാണ് ആദ്യം നടക്കേണ്ടത്: വിഷമില്ലാതെ നമുക്ക് കൃഷിനടത്തിക്കൂടേ? നമ്മുടെ പൂർവ്വികർ അങ്ങിനെ ചെയ്തിട്ടില്ലേ? ആയിരക്കണക്കിന് വർഷങ്ങളുടെ കൃഷി അനുഭവമായും ആർജ്ജിത സംസ്കാരമായും ഉള്ള ഒരു ജനത, കൃഷിക്കുവേണ്ടി രാസവസ്തു - കീടനാശിനി - ജലസേചന- കോർപ്പറേഷനുകളുടെ ആശ്രിതരായി മാറിയത് എങ്ങിനെയായിരുന്നു എന്നാലോചിക്കുക. ഉൽപ്പാദനം വർദ്ധിപ്പിക്കുവാനെന്ന പേരിൽ 'ഹരിത വിപ്ലവ'ത്തെ അരിയിട്ട് വാഴിച്ചത് എന്തിനായിരുന്നെന്നും, ആരൊക്കെയായിരുന്നു അതിന്റെ സൂത്രധാരന്മാരെന്നും നമുക്ക് ഇന്നറിയാം. എന്നിട്ടും, ഹരിതവിപ്ലവ സൂക്തങ്ങളുരുവിടുകയും, ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായിരുന്ന കൃഷിയുടെ സ്ഥാനത്ത് നാണ്യാവശ്യങ്ങൾ മാത്രം നിറവേറ്റാനുതകുന്ന കൃഷിയെ പ്രതിഷ്ഠിച്ചതിൽ ആഹ്ലാദിക്കുകയും ചെയ്യുന്ന ജനത നമ്മുടെ മണ്ണും കൃഷിയും നശിപ്പിച്ചവരുടെ അതേ പ്രത്യയശാസ്ത്രം പങ്കിടുന്നവരാണ്. പുനർവിചിന്തനം ഉടനെ ആരംഭിക്കേണ്ടതുണ്ട്; തെറ്റുകൾ തിരുത്തേണ്ടതുണ്ട്. കാർഷിക രംഗത്ത് നഷ്ടപ്പെട്ടുപോയ സ്വാശ്രിതത്വം നാം തിരിച്ചു പിടിക്കേണ്ടതുണ്ട്. എന്ത്, എവിടെ, എത്ര അളവിൽ കൃഷി ചെയ്യണം, എങ്ങനെ വേണം കൃഷി എന്നൊക്കെയുള്ള കാര്യങ്ങളെക്കുറിച്ച് കർഷകരുടെ കൂട്ടായ്മകൾക്ക് തന്നെ തീരുമാനമെടുക്കാൻ കഴിയും - കഴിയണം.

മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്ര പരിസരത്തുനിന്നും മനുഷ്യവിമോചനത്തിന്റെ സാധ്യതകളിലേയ്ക്ക് ആലോചനകൾ നീളാതെ, നമുക്ക് കൃഷിയോ, വിദ്യാഭ്യാസമോ, ആരോഗ്യമോ ഒന്നും രക്ഷപെടുത്താൻ സാധിക്കില്ല. മുതലാളിത്തം സ്വയം തകർന്നടിയുന്നത് വരെ ഇതിനായി കാത്തിരിക്കാനും സാധ്യമല്ല. അപ്പോൾ, നമുക്ക് സ്വാതന്ത്ര്യത്തോടെ കാര്യങ്ങൾ ചെയ്യാവുന്ന ഒരിടം, ഈ മരുഭൂമിയിലും സൃഷ്ടിച്ചെടുക്കാൻ കഴിയുക എന്നതാണ് പ്രധാനം; നമ്മുടെ സ്വയം നിർണ്ണയാവകാശത്തിന് വേണ്ടി പൊരുതുക എന്നതാണ് പ്രധാനം; കൂട്ടായ്

*⇨ ഇത് അപരിഹാര്യമായ വിധത്തിലുള്ള പരിസ്ഥിതി മലിനീകരണമോ വിനാശമോ സൃഷ്ടിക്കുന്നതാണോ? ⇨*

മകൾ സൃഷ്ടിച്ചുകൊണ്ട് മനുഷ്യരുടെ സർഗാത്മകതയെ ഉത്തേജിപ്പിക്കുക എന്നതാണ് പ്രധാനം. ഏത് മേഖലയിലും, അത് കൃഷിയോ വിദ്യാഭ്യാസമോ ആരോഗ്യമോ ഏതുമാകട്ടെ നാം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുവാനും, സ്വയം പരിഹാര മാർഗങ്ങളേറ്റെടുത്ത് പ്രായോഗികമായി നടപ്പിലാക്കാനുമുള്ള സന്നദ്ധത നമുക്കുണ്ടായിരിക്കുക എന്നുള്ളതും അത് വളർത്തിയെടുക്കുക എന്നുള്ളതുമാണ് നമ്മുടെ അടിയന്തിര കർത്തവ്യം.

ലോകമെമ്പാടും ഇത്തരം പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ചെറുതും പ്രാദേശിക തലത്തിലുള്ളതുമായ എന്നാൽ ഏറെ പ്രസക്തമായ ഒട്ടേറെ പരീക്ഷണങ്ങൾ. ഇവ പുതിയ ഒരുതരം സമീപനവും, മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന യാഥാർത്ഥ്യ ബോധവും ഉൾക്കൊള്ളുന്നവയാണ്. നമ്മുടെ പരമ്പരാഗതവും, നാട്ടുപാരമ്പര്യത്തിൽ വേരുകളുള്ളതുമായ എല്ലാ രീതികളോടുമൊപ്പംതന്നെ, ആധുനിക ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും, മനുഷ്യസ്നേഹപ്രചോദിതവും യാഥാർത്ഥ്യത്തിലധിഷ്ഠിതവുമായ എല്ലാ കണ്ടെത്തലുകളേയും നാം പ്രയോജനപ്പെടുത്തുക തന്നെ വേണം. പരിസ്ഥിതി പ്രേമം പുതിയൊരു മതമായി നമ്മുടെ ചിന്തകളേയും പ്രവർത്തികളേയും കലുഷമാക്കാൻ അനുവദിക്കരുത്.

പുതിയ ടെക്നോളജിയും അതിന്റെ പ്രലോഭിപ്പിക്കുന്ന ഓരോ ഉൽപ്പന്നവും നാം രണ്ടുകയ്യുംനീട്ടി സ്വീകരിക്കുന്നതിന് മുമ്പ് ചില ചോദ്യങ്ങൾ ചോദിക്കേണ്ടതുണ്ടെന്ന് തോന്നുന്നു- ഏറ്റവും പാവപ്പെട്ട മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങൾ അവരിൽ നിന്ന് തട്ടിപ്പറിച്ചെടുത്ത്, അവരെ വഴിയാധാരമാക്കിയാണോ ഈ ഉൽപ്പന്നം നിർമ്മിച്ചിരിക്കുന്നത്? ഇത് അപരിഹാര്യമായ വിധത്തിലുള്ള പരിസ്ഥിതി മലിനീകരണമോ വിനാശമോ സൃഷ്ടിക്കുന്നതാണോ? ഇത് ഊർജ്ജം കണ്ടമാനം വിഴുങ്ങുകയും വിഭവശോഷണം ത്വരിതപ്പെടുത്തുകയും ചെയ്യുന്നുണ്ടോ? നമ്മുടെ സ്വാശ്രയത്വവും, സ്വയം നിർണ്ണയക്ഷമതയും സ്വാതന്ത്ര്യവും വർദ്ധിപ്പിക്കുന്ന രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണോ അതോ ഇതിനെയെല്ലാം നിഗ്രഹിക്കുന്ന രീതിയിലുള്ളതാണോ ഇത്? ഇത് ഒരു തരത്തിൽ പരിസ്ഥിതി 'ഓഡിറ്റിങ്' ആണ്. ഓരോ വസ്തുവും നാം ഉപഭോഗത്തിന് തിരഞ്ഞെടുക്കുമ്പോൾ അത് അത്യാവശ്യമാണോ ആവശ്യമാണോ ആഡംബരമാണോ എന്ന് പരിഗണിക്കുന്നത് പോലെ തന്നെ, ഒരു പുതിയ സമൂഹസൃഷ്ടിക്കും അതിന്റെ മാറിയ സമീപനങ്ങൾക്കും ഉതകുന്നതാവുമോ അത് എന്നുകൂടി പരിഗണിക്കുമ്പോൾ അത്രകണ്ട് കമ്പോളത്തോടുള്ള നമ്മുടെ വിധേയത്വം കുറയും.


എന്തിനെയും ചരക്കാക്കുക; സൗജന്യമായി ലഭിക്കുന്ന വെള്ളം, വായു തുടങ്ങിയ വിഭവങ്ങൾക്ക് മൂല്യം കൽപ്പിക്കാതിരിക്കുക; വിലയില്ലാത്തതിനൊക്കെ 'മൂല്യവർദ്ധനവിന്റെ' യുക്തിയിലൂടെ വിലയിട്ട് കച്ചവടമാക്കുക; ഉപയോഗമൂല്യങ്ങളെ കമ്പോളവത്കരിക്കുക എന്നിങ്ങനെയുള്ള പരിപാടികളിലൂടെ മുതലാളിത്തം പ്രസരിപ്പിക്കുന്ന ജീവിത വീക്ഷണത്തെ ചെറുക്കാൻ കഴിയില്ലെങ്കിൽ, പരിസര നശീകരണത്തെയും ചെറുക്കാൻ കഴിയില്ല. ഈ ജീവിതവീക്ഷണത്തെ ചെറുക്കേണ്ടത് പാരിസ്ഥിതികവും മാനുഷികവും ജീവകാരുണ്യപരവും സാമാന്യ നീതിയിലധിഷ്ഠിതവുമായ ഒരു വീക്ഷണത്തെ അതിന് പകരം വെച്ചുകൊണ്ടാണ്. ഒരു പുതിയ ദാർശനികത ഇത് ആവശ്യപ്പെടുന്നുണ്ട്. മനുഷ്യരാർജ്ജിച്ചെടുത്ത സമത്വ നീതിയുടെ മൂല്യങ്ങൾ സ്വാംശീകരിക്കാതിരുന്നാൽ പരിസ്ഥിതി സംരക്ഷണമെന്ന ലക്ഷ്യം വെറും മരീചികയായിത്തീരുകയേ ഉള്ളൂ.

സ്വാശ്രിതത്വം, സ്വയംനിർണ്ണയം, സ്വാവലംബം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിലൂന്നിക്കൊണ്ട്, സമത്വവും നീതിയുക്തമായ വിഭവവിതരണവും സാധ്യമാക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപംകൊടുത്തുകൊണ്ടു മാത്രമേ, ഇനിയും പരിസ്ഥിതി വിനാശത്തിന്റെ ഗതിവേഗത്തെ നമുക്ക് തടയാൻ കഴിയൂ. ഇതിന് പ്രാരംഭമായി, സ്വാതന്ത്ര്യമെന്നത് സൂപ്പർ മാർക്കറ്റിൽ നിന്ന് ഏതെങ്കിലും ബ്രാൻഡ് ഉപഭോഗവസ്തു തിരഞ്ഞെടുക്കാനോ അസംഖ്യം ചാനലുകളിലൊന്ന് ട്യൂൺ ചെയ്യാനോ ഉള്ള സ്വാതന്ത്ര്യമല്ലെന്നും സ്വന്തം ജീവിതത്തെ സ്വയം നിശ്ചയിക്കുന്ന പന്ഥാവുകളിലൂടെ നിർഭയം മുന്നോട്ട് കൊണ്ടുപോകാനുതകുന്ന ഒരു വിലപ്പെട്ട മൂല്യമാണെന്നുമുള്ള ബോധം പുനഃസ്ഥാപിക്കപ്പെടേണ്ടതുണ്ട്. ഇത്തരം ആശയഗതികളെ സൈദ്ധാന്തികമായി അവതരിപ്പിക്കുന്ന ഒന്നാണ് 'ഇക്കോളജി രാഷ്ട്രീയം' തന്നെ എന്ന ഗോർസിന്റെ ഈ കൃതി.

**ആന്ദ്രേ ഗോർസ് : ജീവചരിത്രക്കുറിപ്പ്**

1923 ഫെബ്രുവരി 9 ന് ആസ്ത്രിയയിലെ വിയന്നയിൽ ജനിച്ചു. കെമിക്കൽഎഞ്ചിനീയറിംഗിൽ ഡിപ്ലോമനേടിയതും, തുടർന്ന് എഴുതിയതും ഫ്രാൻസിലും ഫ്രഞ്ചു ഭാഷയിലുമാണ്. 1946 ൽ ലൂസന്നയിൽ വച്ചാണ്

ഗോർസ് ഫ്രഞ്ച് ദാർശനികനായ ഴാങ് പോൾ സാർത്രിനെ കണ്ടുമുട്ടിയത്. സാർത്രിന്റെ കൃതികളായിരുന്നു അദ്ദേഹത്തിന് ഫ്രാൻസിലേയ്ക്ക് പോകാനുണ്ടായ പ്രേരണ. വ്യക്തിയ്ക്ക് കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യം വാഗ്ദാനം ചെയ്ത അസ്തിത്വവാദദർശനം ഗോർസിനെ സ്വാധീനിച്ചു. യുദ്ധാനന്തരം, സാർത്രിനോടൊപ്പം എഴുത്തുകാരനായും പത്ര പ്രവർത്തകനായും അദ്ദേഹം തൊഴിൽ ആരംഭിച്ചു. 'നോവൽ ഒബ്സർവേറ്റിയർ' (പുതിയ നിരീക്ഷണം) എന്ന ഫ്രഞ്ച് മാസികയുടെ സ്ഥാപകരിലൊരാളായി. പിന്നീട്, 1961 ൽ 'ലാ ടെംസ് മോഡേൺ' എന്ന സാർത്രിന്റെ മാസികയുടെ ഡയറക്ടറായി. മറ്റ് ഫ്രഞ്ച് ബുദ്ധിജീവികളോടൊപ്പം, അന്ന് ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനത്തിലാണ് രാഷ്ട്രീയ ചിന്താഗതികൾ വികസിച്ചത്. ഏത് ബുദ്ധിജീവിയുടേയും ആത്യന്തികമായ ലക്ഷ്യം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുക എന്നതാണെന്ന് 'ദ ട്രെയിറ്റർ' എന്ന പുസ്തകത്തിൽ ഗോർസ് ആവേശത്തോടെ പ്രഖ്യാപിച്ചിരുന്നു.


ആന്ദ്രെ ഗോർസ്

ഹങ്കറിയിലെ തൊഴിലാളി മുന്നേറ്റത്തെ 1956 ൽ റഷ്യൻ ടാങ്കുകൾ കടന്നു വന്ന് അടിച്ചമർത്തിയതോടെ ഗോർസിന് കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള താത്പര്യം കുറഞ്ഞു. തൊഴിലാളി വർഗപ്രസ്ഥാനത്തിൽ 'വിപ്ലവാത്മകമായ പരിഷ്കരണങ്ങൾ' എങ്ങനെ ആവിഷ്കരിക്കാം എന്നതായി പിന്നീടുള്ള ചിന്ത. വ്യക്തിപരമായ സ്വയം നിർണ്ണയത്തിലധിഷ്ഠിതമായ സോഷ്യലിസത്തെക്കുറിച്ചുള്ള തന്റെ മാനവിക ദർശനവും സ്വതന്ത്ര നവസാമൂഹിക പ്രസ്ഥാനങ്ങളുടെ വിമോചനാത്മകമായ ലക്ഷ്യങ്ങളും തമ്മിൽ പൊരുത്തപ്പെടുമെന്ന് 1968 ലെ ഫ്രഞ്ച് കലാപം ഗോർസിനെ ബോദ്ധ്യപ്പെടുത്തി. ഇക്കാലത്ത് തന്നെയാണ് ഹെർബർട്ട് മാർക്യൂസ്, ഇവാൻ ഇല്ലിച്ച് എന്നിവരുടെ രചനകൾ അദ്ദേഹം ഫ്രഞ്ച് ജനതയ്ക്ക് പരിചയപ്പെടുത്തിയത്. 1975 ൽ ഇക്കോളജി ആസ് പൊളിറ്റിക്സ് പ്രസിദ്ധീകരിച്ചു. കൂടാതെ, 'ഫേർവെൽ ടു ദ വർക്കിങ് ക്ലാസ്' (1980), 'പാത്ത്സ് ടു പാരഡൈസ്' (1985), 'ക്രിട്ടിക് ഓഫ് ഇക്കണോമിക് റീസൺ' (1989), 'ക്യാപ്പിറ്റലിസം, സോഷ്യലിസം, ഇക്കോളജി' (1994), 'റീക്ലെയിമിങ് വർക്ക് - ബിയോണ്ട് എ വേജ് ബേസ്ഡ് സൈസൈറ്റി' (1999), 'ഇക്കോളോജിയ' (2008) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതികൾ.

സ്വിറ്റ്സർലണ്ടിൽവച്ചാണ് ഡോറീൻ എന്ന ബ്രിട്ടീഷുകാരിയെ പരിചയപ്പെടുന്നതും പിന്നീട് ജീവിതസഖിയാക്കുന്നതും. ജീവിതകാലം മുഴുവൻ ഒരുമിച്ച് സ്നേഹപൂർണ്ണമായി നീണ്ടുനിന്ന ഒരു ദാമ്പത്യമായിരുന്നു ഗോർസ്-ഡോറീൻ ദമ്പതികളുടേത്. പാരീസിനടുത്ത് വോസ്നൺ എന്ന സ്ഥലത്ത് 2007 സെപ്തംബർ 24 ന് എന്തോ മരുന്ന് കുത്തിവെച്ച് ആത്മഹത്യ ചെയ്ത നിലയിൽ ഇരുവരുടേയും മൃതദേഹങ്ങൾ കാണപ്പെടുകയായിരുന്നു. "പ്രിയപ്പെട്ടവളേ, നീയില്ലാതെ എനിക്ക് ജീവിക്കാനാവില്ല" എന്ന് നേരത്തെ വ്യക്തമാക്കിയ ഗോർസ്, ഡോറിൻ തന്റെ രോഗത്തിൽ നിന്ന് വിമുക്തയാവില്ലെന്ന് ബോധ്യമായപ്പോഴാണ് ആത്മഹത്യാ ഉടമ്പടി നടപ്പിലാക്കിയത്. ആത്മഹത്യ ചെയ്യുമ്പോൾ ഗോർസിന് 84ഉം ഡോറിന് 82ഉം വയസ്സായിരുന്നു.

അക്കാദമികവൃത്തങ്ങളിലും സാമൂഹിക പ്രസ്ഥാനങ്ങളിലും ഏറെ ചർച്ചചെയ്യപ്പെടുന്ന ഗ്രന്ഥകാരനാണ് ഗോർസ്; അദ്ദേഹത്തിന്റെ ആശയങ്ങൾ സാമൂഹിക രാഷ്ട്രീയ വിവാദങ്ങളുയർത്തുകയും ചെയ്തിട്ടുണ്ട്. പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള രാഷ്ട്രീയ പരിസ്ഥിതി ശാസ്ത്രം, വ്യവസ്ഥിതിയുടെ മേൽ പരിധികളേർപ്പെടുത്തിക്കൊണ്ട് മനുഷ്യരുടെ സ്വയംനിർണ്ണയക്ഷമത വീണ്ടെടുക്കാൻ പ്രാപ്തി നൽകും; പുറത്തുനിന്നുള്ള നിയന്ത്രണത്തെ ചെറുക്കുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുക ഇക്കോളജിയും സോഷ്യലിസവും കൂടിച്ചേർന്നുകൊണ്ടായിരിക്കും; സോഷ്യലിസമെന്നത് ഒരു ബദൽ വ്യവസ്ഥിതിയുടെ സ്ഥാപനമല്ല; മറിച്ച് സമൂഹത്തെ ഒരു 'വ്യവസ്ഥിതി'യാക്കുന്ന എല്ലാറ്റിനെയും നിർമാർജനം ചെയ്യുന്ന ഒരു പ്രായോഗികപദ്ധതിയാണ്. മുതലാളിത്തത്തിന് എതിരായ സമരത്തിന്റെ അനിവാര്യമായ ഒരു ഭാഗമാണ് ഇക്കോളജി; പാരിസ്ഥിതിക പരിഗണനകൾ സോഷ്യലിസത്തിന്റെ അടിസ്ഥാനപരമായ അംശമായിത്തീരണം; അവയെ നീട്ടിവയ്ക്കാനോ, വിട്ടുവീഴ്ച ചെയ്യാനോ മറ്റ് രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് കീഴ്പ്പെടുത്താനോ പാടില്ല. ഗോർസിന്റെ ഇത്തരം നിരീക്ഷണങ്ങൾ നവ സാമൂഹിക പ്രസ്ഥാനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. ■